# NATIONAL BULLETIN

**DATE: 17.12.2024** **TIME: 07.25 PM**

## പ്രധാന വാർത്തകൾ

1. "ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പു"മായി ബന്ധപ്പെട്ട ബിൽ ലോക്സഭയിൽ അവതരിപ്പിച്ച് കേന്ദ്ര സർക്കാർ; ഭരണഘടനയ്ക്കെതിരായ ആക്രമണമെന്ന് പ്രതിപക്ഷം.

   **Government introduces One Nation, One Election Bill in Lok Sabha; Opposition parties term it an attack on basic structure of constitution.**

2. കുറഞ്ഞ ചെലവിലുള്ള മെഡിക്കൽ ടൂറിസത്തിൻ്റെ പ്രധാന കേന്ദ്രമായി ലോകവേദിയിൽ ഇന്ത്യ വികസിക്കുകയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **India is emerging as hub for affordable medical tourism: President Droupadi Murmu.**

3. പ്രധാനമന്ത്രി നരേന്ദ്രമോദി രാജസ്ഥാനിൽ 46,300 കോടി രൂപയുടെ പദ്ധതികൾ ഉദ്ഘാടനം ചെയ്തു.

   **PM Modi inaugurates & lays foundation stone of 24 development projects worth over ₹46,300 crore in Rajasthan**

4. കേന്ദ്ര സർക്കാരിനെ സംബന്ധിച്ചിടത്തോളം ഭരണഘടന ക്ഷേമത്തിനും രാഷ്ട്ര നിർമ്മാണത്തിനുമുള്ള അടിസ്ഥാന പ്രചോദനമാണെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ.

   **For the Central government, the Constitution is not just a document, but the basic inspiration for the welfare of the deprived and nation building, Says Home Minister Amit Shah.**

5. ശബരി റെയിൽ പദ്ധതി രണ്ട് ഘട്ടമായി നടപ്പാക്കാൻ തീരുമാനിച്ച് കേരള സർക്കാർ.

**The Kerala government has decided to implement the Sabari Rail project in two phases**

6. ബോർഡർ-ഗാവസ്കർ ട്രോഫി മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ, ഓസ്ട്രേലിയക്കെതിരെ ഫോളോ-ഓൺ ഒഴിവാക്കി ഇന്ത്യ.

7. **In the third cricket test of the Border-Gavaskar trophy, India Narrowly Avoid Follow-On Against Australia**

## ONE NATION ONE ELECTION (INTRO)

"ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പു"മായി ബന്ധപ്പെട്ട ബിൽ ഇന്ന് ലോക്സഭയിൽ അവതരിപ്പിച്ചു. പ്രതിപക്ഷ പ്രതിഷേധത്തിനിടെ കേന്ദ്ര നിയമമന്ത്രി അർജുൻ റാം മേഘ്‌വാളാണ് ബിൽ എന്നിവ സഭയിൽ അവതരിപ്പിച്ചത്.

(ഹോൾഡ് വോയ്സ്)

269 അംഗങ്ങൾ ബില്ലിൻ്റെ അവതരണത്തെ അനുകൂലിച്ചും 198 പേർ എതിർത്തും വോട്ട് ചെയ്തു. ഭരണഘടനയുടെ അടിസ്ഥാന ഘടനയ്ക്കുനേരെയുള്ള ആക്രമണമാണെന്ന് ചൂണ്ടിക്കാട്ടി പ്രതിപക്ഷ കക്ഷികൾ ബിൽ അവതരണത്തെ എതിർത്തു. സൂക്ഷ്മപരിശോധനയ്ക്കായി ബില്ലുകൾ സംയുക്ത പാർലമെൻ്ററി സമിതിക്ക് അയയ്ക്കണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടു. തുടർന്ന് ബില്ലുകൾ സംയുക്ത പാർലമെൻ്ററി സമിതിക്കു വിടാൻ മന്ത്രി നിർദേശിച്ചു.

## PREZ- TELANGANA AND AP

താങ്ങാനാകുന്ന ചെലവിലുള്ള മെഡിക്കൽ ടൂറിസത്തിൻ്റെ പ്രധാന കേന്ദ്രമായി ലോകവേദിയിൽ ഇന്ത്യ വികസിക്കുകയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഈ വികസനത്തിൽ ഡോക്ടർമാർക്ക് വലിയ പങ്കു വഹിക്കാനാകുമെന്നും രാഷ്ട്രപതി പറഞ്ഞു. ആന്ധ്രാപ്രദേശിൽ മംഗളഗിരി എയിംസിന്റെ ആദ്യ ബിരുദദാനച്ചടങ്ങിൽ സംസാരിക്കുകയായിരുന്നു ശ്രീമതി മുർമു. അഞ്ചു ദിവസത്തെ ആന്ധ്രാപ്രദേശ് - തെലങ്കാന

സന്ദർശനത്തിന്റെ ഭാഗമായാണ് രാഷ്ട്രപതി മംഗളഗിരി എയിംസിൽ എത്തിയത്.

🏵🏵🏵🏵🏵🏵🏵🏵🏵🏵🏵

## VP-ARMENIA

അർമേനിയയൻ നാഷണൽ അസംബ്ലി പ്രസിഡൻ്റ് അലൻ സിമോണിയൻ് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറുമായി ഇന്ന് പാർലമെൻ്റ് ഹൗസിൽ കൂടിക്കാഴ്ച നടത്തി. ചർച്ച ഉഭയകക്ഷി വ്യാപാരവും ബന്ധവും ശക്തിപ്പെടുത്തേണ്ടതിൻ്റെ പ്രാധാന്യം അടിവരയിടുന്നതായി ഉപരാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു.

🏵🏵🏵🏵🏵🏵🏵🏵🏵🏵🏵

## REV PM JAIPUR (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി രാജസ്ഥാനിൽ ഊർജം, റോഡ്, റെയിൽവേ, ജലം എന്നിവയുമായി ബന്ധപ്പെട്ട 46,300 കോടി രൂപയുടെ 24 പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിച്ചു. രാജസ്ഥാൻ ഗവണ്മെന്റിന്റെ ഒന്നാം വാർഷികാഘോഷ പരിപാടികളുടെ ഭാഗമായാണു ജയ്പുരിൽ വിവിധ പദ്ധതികൾക്കു തുടക്കം കുറിച്ചത്.

(പിഎം വോയ്സ്)

🏵🏵🏵🏵🏵🏵🏵🏵🏵🏵🏵

## R S AMITSHAH

ഇന്ത്യൻ ഭരണഘടനയുടെ എഴുപത്തിയഞ്ചാം വാർഷികത്തോടനു ബന്ധിച്ചുള്ള പ്രത്യേക ചർച്ച രാജ്യസഭയിൽ പുരോഗമിക്കുന്നു. കേന്ദ്ര സർക്കാരിന് ഭരണഘടന എന്നത് വെറുമൊരു രേഖയല്ലെന്നും ദരിദ്രരുടെ ക്ഷേമത്തിനും രാഷ്ട്രനിർമ്മാണത്തിനുമായുള്ള അടിസ്ഥാന പ്രചോദനമാണെന്നും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു.

🏵🏵🏵🏵🏵🏵🏵🏵🏵🏵🏵

## BIHAR SRILANKA PRESIDENT

ശ്രീലങ്കൻ പ്രസിഡൻ്റ് അനുര കുമാര ദിസനായകെ ബിഹാൽ ബോധ്ഗയയിലെ മഹാബോധി ക്ഷേത്രം സന്ദർശിച്ചു. 14 അംഗ പ്രതിനിധിസംഘത്തോടൊപ്പമായിരുന്നു സന്ദർശനം.

## SHABARI RAIL

ശബരി റെയിൽ പദ്ധതി രണ്ട് ഘട്ടമായി നടപ്പാക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായി. അനുമതിക്കായി കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. ആദ്യഘട്ടത്തിൽ അങ്കമാലി - എരുമേലി - നിലക്കൽ പാത പൂർത്തീകരിക്കും. നിർമാണ ചെലവിൻറെ 50 ശതമാനം തുക കിഫ്ബി വഹിക്കും. ഈ തുക കടമെടുപ്പ് പരിധിയിൽ നിന്ന് ഒഴിവാക്കണമെന്ന ആവശ്യവുമായി കേന്ദ്ര സർക്കാരിനെ സമീപിക്കുമെന്നും അദ്ദേഹം പറഞ്ഞു.

## JOSHI-CII CONFERENCE

ഊർജ വിപ്ലവത്തിന് സാക്ഷ്യം വഹിക്കുക മാത്രമല്ല, ലോകത്തെ പുനരുപയോഗ ഊർജ തലസ്ഥാനമായി ഇന്ത്യ മാറുന്നുവെന്നും കേന്ദ്ര നവ പുനരുപയോഗ ഊർജ മന്ത്രി പ്രൽഹാദ് ജോഷി. ന്യൂഡൽഹിയിൽ അഞ്ചാമത് CII അന്താരാഷ്ട്ര ഊർജ സമ്മേളനത്തെയും പ്രദർശനത്തെയും അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

## SHABARI RAIL

ശബരി റെയിൽ പദ്ധതി രണ്ട് ഘട്ടമായി നടപ്പാക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായി. ആദ്യഘട്ടത്തിൽ അങ്കമാലി - എരുമേലി - നിലക്കൽ പാത പൂർത്തീകരിക്കും. നിർമാണ ചെലവിൻറെ 50 ശതമാനം തുക കിഫ്ബി വഹിക്കുമെന്നും അദ്ദേഹം പറഞ്ഞു.

## LS-DEMANDS OF GRANTS (INTRO)

ലോകത്തെ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യയെന്നും കഴിഞ്ഞ മൂന്ന് വർഷത്തിനിടെ 8.3 ശതമാനം ശരാശരി ജിഡിപി വളർച്ചയാണ് ഇന്ത്യ നേടിയതെന്നും ധനമന്ത്രി നിർമല സീതാരാമൻ ലോക്സഭയിൽ പറഞ്ഞു. സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിനായി സർക്കാർ മൂലധനച്ചെലവ് വർധിപ്പിച്ചിട്ടുണ്ടെന്നും ഈ വർഷത്തെ ബജറ്റിൽ 11 ലക്ഷം കോടിയിലധികം രൂപയുടെ ബജറ്റ് വിഹിതം ഇതിനായി വകയിരുത്തിയിട്ടുണ്ടെന്നും അവർ വ്യക്തമാക്കി.

(വോയ്‌സ്)

രാജ്യത്തെ തൊഴിലില്ലായ്മാ നിരക്ക് 2017-18 ലെ 6 ശതമാനത്തിൽ നിന്ന് 2023-24ൽ 3.2 ശതമാനമായി കുറഞ്ഞതായും ധനമന്ത്രി ചൂണ്ടിക്കാട്ടി.

## GANESH KUMAR

കേരളത്തിൽ തുടർച്ചയായി റോഡപകടങ്ങൾ ഉണ്ടാകുന്ന പശ്ചാത്തലത്തിൽ ഗതാഗത മന്ത്രി കെ.ബി ഗണേഷ് കുമാറിൻറെ അദ്ധ്യക്ഷതയിൽ ഇന്ന് ഉന്നതതല യോഗം ചേർന്നു. തിരുവനന്തപുരത്ത് നടന്ന യോഗത്തിൽ മോട്ടോർ വാഹന വകുപ്പ്, പൊലീസ്, ദേശീയ പാത അതോറിറ്റി, റോഡ് സുരക്ഷാ വിഭാഗം എന്നിവയിലെ ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്തു.

## IFFK 2025

മികച്ച പ്രേക്ഷക പങ്കാളിത്തവുമായി തിരുവനന്തപുരത്ത് കേരള രാജ്യാന്തര ചലച്ചിത്ര മേള തുടരുന്നു. മേളയെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി ഇത്തവണ പ്രസംഗമുൾപ്പടെ ആംഗ്യ ഭാഷയിലും അവതരിപ്പിക്കുന്നുണ്ട്. ചലച്ചിത്രമേളയുടെ ആറാം ദിനമായ നാളെ ഗോൾഡൻ ഗ്ലോബ്, കാൻ ചലച്ചിത്രമേളകളിൽ തിളങ്ങിയ ഏഴു ചിത്രങ്ങൾ പ്രദർശനത്തിന് എത്തും.

## EVE CRICKET - IND VS AUS

ബോർഡർ-ഗാവസ്കർ ട്രോഫി മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ, ഓസ്ട്രേലിയക്കെതിരെ ഇന്ത്യ ഫോളോ-ഓൺ ഒഴിവാക്കി. നാലാം ദിനം വെളിച്ചക്കുറവിനെ തുടർന്നു കളി നേരത്തെ അവസാനിപ്പിച്ചപ്പോൾ ഇന്ത്യ ആദ്യ ഇന്നിങ്സിൽ 9 വിക്കറ്റിന് 252 എന്ന നിലയിലാണ്. നിലവിൽ 193 റൺസ് പിന്നിലാണ് ഇന്ത്യ. കെ എൽ രാഹുലും രവീന്ദ്ര ജഡേജയും അർധസെഞ്ച്വറി നേടി.

## WOMENS CRICKET- IND VS WI

ഇന്ത്യക്കെതിരായ വനിതാ ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ടോസ് നേടിയ വെസ്റ്റ് ഇൻഡീസ് ബൗളിങ് തെരഞ്ഞെടുത്തു. നവി മുംബൈയിലെ ഡി.വൈ. പാട്ടിൽ സ്റ്റേഡിയത്തിലാണ് മത്സരം. കഴിഞ്ഞ ദിവസം നടന്ന ആദ്യ മത്സരത്തിൽ ഇന്ത്യ ജയിച്ചിരുന്നു.

## SANTHOSH TROPHY

78-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിന്റെ ഫൈനൽ റൗണ്ടിൽ ഇന്ന് കേരളം-മേഘാലയ മത്സരം. ഹൈദരാബാദിലെ ഡെക്കാൺ അരീനയിലാണ് മത്സരം.

## NCERT

വരുന്ന അധ്യയന വർഷം 9 മുതൽ 12 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ വില 20% വെട്ടിക്കുറച്ച് എൻ സി ഇ ആർ റ്റി. ഗുണനിലവാരമുള്ള വിദ്യാഭ്യാസം കൂടതൽ പ്രാപ്യമാക്കുകയാണ് നീക്കത്തിലൂടെ ലക്ഷ്യമിടുന്നത്. വിദ്യാർത്ഥികളുടെ മേലുള്ള സാമ്പത്തിക ബാധ്യത കുറയ്ക്കാനുള്ള നീക്കത്തെ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ പിന്തുണച്ചു.

## NHRC- INTERNSHIP

ബിരുദാനന്തര തലത്തിലുള്ള വിദ്യാർത്ഥികൾക്കായി ദേശീയ മനുഷ്യാവകാശ കമ്മീഷൻ നാലാഴ്ച നീണ്ടുനിൽക്കുന്ന ശീതകാല

ഇൻ്റേൺഷിപ്പ് പരിപാടി ആരംഭിച്ചു. എൻഎച്ച്ആർസി ചെയർപേഴ്സൺ വിജയ ഭാരതി സയാനി പരിപാടി ഉദ്ഘാടനം ചെയ്തു. രാജ്യത്തെ വിവിധ സർവകലാശാലകളിൽ നിന്നും കോളേജുകളിൽ നിന്നുമായി 80 വിദ്യാർത്ഥികൾ പരിപാടിയുടെ ഭാഗമായി.

## HACKATHON- ENVIRONMENT

പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം ന്യൂഡൽഹിയിൽ പാരിസ്ഥിതിക-ക്രിയാത്മക- നൂതനാശയ ഹാക്കത്തോൺ സംഘടിപ്പിച്ചു. സാങ്കേതികവിദ്യയിലൂടെയും നവീകരണത്തിലൂടെയും പ്രാദേശിക പാരിസ്ഥിതിക പ്രശ്നങ്ങൾ ക്രിയാത്മകമായി നേരിടാൻ യുവമനസ്സുകളെ പ്രോത്സാഹിപ്പിക്കുന്നതു ലക്ഷ്യമിട്ടാണു ഹാക്കത്തോൺ. രാജ്യത്തെ 14 സംസ്ഥാനങ്ങളിൽ നിന്നായി 35 നൂതന പദ്ധതികൾ ഹാക്കത്തോണിൽ അവതരിപ്പിച്ചു.

## MoS-EDUCATION-MURLIDHAR MOHOL

2047-ഓടെ, വികസിത ഭാരതമാകാനുള്ള രാജ്യത്തിൻ്റെ കുതിപ്പിൽ വിദ്യാഭ്യാസം നിർണായക പങ്ക് വഹിക്കുമെന്ന് കേന്ദ്ര സഹമന്ത്രി മുരളീധർ മൊഹോൾ. എൻഡിഎ സർക്കാർ നടപ്പാക്കിയ പരിഷ്കാരങ്ങളിലൂടെ വിദ്യാഭ്യാസ ഗുണനിലവാരം ഉയരുന്നുവെന്നു ചൂണ്ടിക്കാട്ടിയ സഹമന്ത്രി, ഉന്നതവിദ്യാഭ്യാസ മേഖല മെച്ചപ്പെട്ടുവെന്നും സിഎസ്ആർ ഫണ്ടുകൾ ആകർഷിച്ചെന്നും വികസിത മേഖലകളിൽ വൈദഗ്ധ്യമുള്ള മാനവശേഷി സൃഷ്ടിച്ചെന്നും വ്യക്തമാക്കി.

## SRI LANKA-SPEAKER

ശ്രീലങ്കയിൽ പാർലമെൻ്റിൻ്റെ പുതിയ സ്പീക്കറായി ഡോ. ജഗത് വിക്രമരത്നെ തിരഞ്ഞെടുക്കപ്പെട്ടു. വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച വിവാദങ്ങൾക്കൊടുവിൽ ഈ മാസം 13ന് അശോക റൺവാല രാജിവച്ചതിനെ തുടർന്നാണ് പുതിയ സ്പീക്കറെ നിയമിച്ചത്.

## BANGLADESH-PARLIAMENTARY ELECTION

ബംഗ്ലാദേശിൽ പാർലമെൻ◌്റ് തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള കക്ഷിയേതര കാവൽ സർക്കാർ സംവിധാനത്തിൻ◌്റെ ഭരണഘടനാ വ്യവസ്ഥ ഹൈക്കോടതി പുനഃസ്ഥാപിച്ചു. കാവൽ സർക്കാരിനെ റദ്ദ് ചെയ്യുന്ന ബംഗ്ലാദേശ് ഭരണഘടനയുടെ പതിനഞ്ചാം ഭേദഗതി ഭരണഘടനയുടെ അടിസ്ഥാന ചട്ടക്കൂടിന് വിരുദ്ധമാണെന്നും, ജനാധിപത്യ തത്വങ്ങൾക്ക് എതിരാണെന്നും കോടതി നിരീക്ഷിച്ചു.

## CHIDO CASUALTIES

ഇന്ത്യൻ മഹാസമുദ്രത്തിലെ ഫ്രഞ്ച് പ്രവിശ്യയായ മായോട്ടിൽ കനത്ത നാശം വിതച്ച ചീഡോ ചുഴലിക്കാറ്റിൽ 22 മരണം. ആയിരത്തിനാനൂറിലേറെ പേർക്ക് പരിക്കേറ്റു. മരണസംഖ്യ ആയിരം കടന്നേക്കുമെന്ന് അധികൃതർ അറിയിച്ചു. ചീഡോ ചുഴലിക്കാറ്റിനെത്തുടർന്ന് മൊസാംബിക്കിലും 34 പേർക്കു ജീവൻ നഷ്ടമായി. മായോട്ടിലെ ദുരിതത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദുഃഖം രേഖപ്പെടുത്തി. വിഷമഘട്ടത്തിൽ ഇന്ത്യ ഫ്രാൻസിനൊപ്പം നിലകൊള്ളുന്നുവെന്നും സാധ്യമായ എല്ലാ സഹായവും നൽകാൻ തയ്യാറാണെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

## UKRAINE KILLED RUSSIAN GENERAL

ഇന്ന് മോസ്കോയിൽ നടന്ന ബോംബ് സ്ഫോടനത്തിൽ റഷ്യൻ ആണവ സംരക്ഷണ സേനയുടെ ചുമതലയുള്ള സൈനിക ജനറൽ ഇഗോർ കിറില്ലോവ് കൊല്ലപ്പെട്ടു. യുക്രെൻ സുരക്ഷാ വിഭാഗം ആക്രമണത്തിൻ◌്റെ ഉത്തരവാദിത്വം ഏറ്റെടുത്തു. യുക്രെനിൽ നിരോധിത രാസായുധങ്ങൾ പ്രയോഗിച്ചു എന്ന കുറ്റം ചുമത്തി കഴിഞ്ഞ ദിവസം യുക്രെൻ കോടതി കിറിലോവിനെതിരെ ശിക്ഷ വിധിച്ചിരുന്നു.